DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

17/8/2020

**കാർഷിക മേഖലാ വാർത്തകൾ**

## കർഷകദിനം –അറിയിപ്പ്

സംസ്ഥാന കാർഷിക വികസന -കാർഷിക ക്ഷേമവകുപ്പിൻ്റെ ആഭിമുഖ്യത്തിൽ ചിങ്ങം 1 കര്ഷകദിനമായി ആചാരിക്കുന്നു. .ഈ വർഷത്തെ സംസ്ഥാനതല കര്ഷകദിനാഘോഷം ആഗസ്റ്റ് 17 നു (തിങ്കൾ)രാവിലെ10നുകൃഷി **മന്ത്രി ശ്രീ.വി.എസ് സുനിൽകുമാറിന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രിശ്രീ.പിണറായി വിജയൻ** ഓൺലൈനിലൂടെ ഉദ്ഘടാനംനിർവഹിക്കും .ഇതിനോടനുബന്ധിച്ചു കൃഷി വകുപ്പിന്റെ പുതുതായി ആരംഭിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളും കർഷകർക്ക് പ്രകൃതിക്ഷോഭം നേരിട്ടു റിപ്പോർട്ടിങ് നടത്തുന്നതിന്റെ ഉദ്ഘടനവും വെബ് പോർട്ടൽ ലോഞ്ചിങ്ങുംനിർവഹിക്കുന്നതാണ്.

**2.കരമനകാർഷികഗവേഷണകേന്ദ്രത്തിൽ നിറപുത്തരി കതിർക്കുലകൾ വിതരണം**

കേരള കാർഷിക സർവ്വലാശാലയുടെ കീഴിൽ തിരവനന്തപുരം കരമനയ്ക്കടുത്ത് നെടുങ്കാട് പ്രവർത്തിക്കുന്ന സംയോജിത കൃഷി

സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നെൽക്കതിരുകൾ ലഭ്യമാണ്. ഉമ നെല്ലിനത്തിന്റെ കതിർക്കുലകളാണ് വിപണനത്തിനു തയ്യാറായിട്ടുള്ളത്. ഒരു ചതുരശ്രമീറ്റർ സ്ഥലത്തുനിന്നും കൊയ്തെടുക്കുന്ന കതിർക്കുലകൾക്ക് നൂറു രൂപയാണ് വില. കൂടാതെ ഗൃഹങ്ങളിൽ അലങ്കാരത്തിനുപയോഗിക്കുന്ന നെൽക്കതിർ കെട്ടുകളും (അയർ) വലിപ്പമനുസരിച്ച് 500 രൂപ മുതൽ 2000 രൂപ വരെ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2343586 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം

**കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ 5 ദിവസത്തെ ഓൺലൈൻ പരിശീലനപരിപാടി**

മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 5 ദിവസത്തെ പരിശീലനപരിപാടി 2020, ആഗസ്റ്റ് 24 മുതൽ 28 വരെയുള്ള തിയ്യതികളിൽ രാവിലെ 10.30 മുതൽ 12.30 വരെ , Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് ഓൺലൈനായി നടത്തുന്നതാണ്. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് **0487- 2960079** എന്ന നമ്പറിൽ **രാവിലെ 10 am മുതൽ 4 pm**. ബന്ധപ്പെടുക.

5 **വിള പരിപാലന നിർദ്ദേശങ്ങൾ**

. വളരെ കൂടിയ അളവിൽ ചെളി കെട്ടി കിടക്കുന്ന കൃഷി ഭൂമിയിൽ, സെന്റിന് ഒരു കിലോഗ്രാം എന്ന തോതിൽ കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് മണ്ണിൽ വിതറി കൊടുക്കേണ്ടതാണ്. മിക്കവാറും കൃഷി ഭൂമികളിൽനിന്നു പൊട്ടാഷ് ഒലിച്ചു പോയിരിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് വിളകൾക്ക് പൊട്ടാഷ് വളങ്ങൾ ഇടുക.

## <u>കാ ലിത്തീറ്റ സബ്സിഡി </u>വിതരണോദ്ഘാടനം

കോവിഡ് മഹാമാരി ക്ഷീരകർഷകർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കാലിത്തീറ്റ വിതരണം ചെയ്യാൻ ക്ഷീരവികസന വകുപ്പ് തീരുമാനിച്ചിരിക്കുന്നു. കോവിഡ്-19 മാനദണ്ഡങ്ങൾ പാലിക്കേണ്ടുന്ന സാഹചര്യത്തിൽ, പ്രസ്തുത പരിപാടിയുടെ വിതരണോദ്ഘാടനം 2020 ഓഗസ്റ്റ് 17 (ചിങ്ങം 1) രാവിലെ 10 മണിക്ക് ബഹു.ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ.കെ.രാജു ഫെയ്സ്ബുക്ക് ലൈവ് പ്രോഗ്രാമിലൂടെ നിർവ്വഹിക്കുന്നു. തുടർന്ന് ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ആരംഭിക്കുന്നതായിരിക്കുംഎന്ന് ക്ഷീരവികസനവകുപ്പു ഡയറക്റ്റർ അറിയിച്ചു www.facebook.com/K.RAJU.minister എന്ന ഐഡി മുഖാന്തിരം ഫെയ്സ്ബുക്ക് ലൈവ് പ്രോഗ്രാമിങ്ങിലൂടെ പങ്കെടുക്കാവുന്നതാണെന്ന് ക്ഷീരവികസന ഡയറക്ടർ അറിയിച്ചു.

7. **റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിൽ വെബിനാർ**

റബ്ബർമേഖലയിലെ സംരംഭകത്വവികസനം എന്ന വിഷയത്തിൽ റബ്ബർ ട്രെയിനിങ് ഇൻസ്റ്റി റ്റ്യൂട്ട് വെബിനാർ നടത്തുന്നു. 2020 ആഗസ്റ്റ് 19 മുതൽ 21 വരെ നടക്കുന്ന വെബിനാറിൽ കേരളത്തിലെ റബ്ബർതോട്ടങ്ങൾ, റബ്ബർസംസ്കരണം, ഉത്പന്നനിർമ്മാണം തുടങ്ങിയ മേഖലകളിലെ സംരംഭകത്വവികസനമാണ് ലക്ഷ്യമിടുന്നത്. റബ്ബർമേഖലയിലുള്ളവർക്ക് സ്വന്തമായ ഉപജീവനം സാധ്യമാക്കുക, കേരളത്തിലെ റബ്ബർമേഖലയിൽ പണം മുടക്കാൻ താൽപര്യമുള്ള പ്രവാസികളെ സന്നദ്ധരാക്കുക തുടങ്ങിയ

വിഷയങ്ങൾക്കായിരിക്കും വെബിനാറിൽ പ്രാധാന്യം നൽകുക. മൂന്നു ദിവസത്തെ വെബിനാറിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 595 രൂപ (ജി.എസ്.റ്റി., ഫ്ളഡ് സെസ്സ് എന്നിവ ഉൾപ്പെടെ) ആണ്. ഡയറക്ടർ (ട്രെയിനിങ്), റബ്ബർബോർഡ് എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (ഐ.എഫ്.എസ്.സി. കോഡ് - ഇആകച0284150)യുടെ കോട്ടയത്തുള്ള റബ്ബർബോർഡ് ബ്രാഞ്ചിലെ 1450300184 എന്ന അക്കൗ ് നമ്പറിലേക്ക് ഫീസ് നേരിട്ട് അടയ്ക്കാം. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 04812353325 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.